**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 389** **05-12-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് മിഷൻ പദ്ധതി മുഖേന നാളിതുവരെ എത്രപേർക്ക് വീടുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അതിൽ വീട് മാത്രം നൽകപ്പെട്ടവർ, വസ്തുവാങ്ങി വീട് നിർമ്മിച്ച് നൽകപ്പെട്ടവർ എന്നിങ്ങനെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | 2022 നവംബർ വരെ 3,18,042 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് . ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു |

| ജില്ല | വീട് മാത്രം നൽകപ്പെട്ടവർ | വസ്തു വാങ്ങി വീട് നിർമ്മിച്ച് നൽകപ്പെട്ടവർ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 41993 | 953 | 42946 |
| കൊല്ലം | 24366 | 2965 | 27331 |
| പത്തനംതിട്ട | 7817 | 703 | 8520 |
| ആലപ്പുഴ | 21631 | 837 | 22468 |
| കോട്ടയം | 10250 | 1784 | 12034 |
| ഇടുക്കി | 18629 | 1146 | 19775 |
| എറണാകുളം | 21449 | 1634 | 23083 |
| തൃശ്ശൂർ | 21101 | 1642 | 22743 |
| പാലക്കാട് | 34204 | 1234 | 35438 |
| മലപ്പുറം | 30843 | 1655 | 32498 |
| കോഴിക്കോട് | 22593 | 434 | 23027 |
| വയനാട് | 20991 | 639 | 21630 |
| കണ്ണൂർ | 13395 1 | 841 | 14236 |
| കാസറഗോഡ് | 11539 | 774 | 12313 |
| **ആകെ** | **3,00,801** | **17,241** | **3,18,04** |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടത്തിലേക്ക് അപേക്ഷ ക്ഷണിച്ചത് എന്നാണെന്നും അവയുടെ സൂക്ഷ്മ പരിശോധനകൾ പൂർത്തിയാക്കി അന്തിമ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിൽ ഉൾപ്പെട്ടവരുടെ വിശദാംശവും ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (ബി) | 27.07.2020-ലെ സ.ഉ(കൈ) നം. 112/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമാണ് രണ്ടാം ഘട്ടമായ ലൈഫ് 2020-യിലേക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചത്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| ജില്ല | അർഹരായ ഗുണഭോക്താക്കൾ | | |
|---|---|---|---|
| | ഭൂമിയുള്ള ഭവന രഹിതർ | ഭൂരഹിതഭവനരഹിതർ | ആകെ |
| തിരുവനന്ത പുരം | 43204 | 30775 | 73979 |
| കൊല്ലം | 33654 | 22510 | 56164 |
| പത്തനംതിട്ട | 10356 | 5104 | 15460 |
| ആലപ്പുഴ | 30488 | 10495 | 40983 |

| | | | |
|---|---|---|---|
| കോട്ടയം | 17309 | 11466 | 28775 |
| ഇടുക്കി | 26238 | 11401 | 37639 |
| എറണാകുളം | 23312 | 16892 | 40204 |
| തൃശ്ശൂർ | 27857 | 21351 | 49208 |
| പാലക്കാട് | 57835 | 24357 | 82192 |
| മലപ്പുറം | 33515 | 14909 | 48424 |
| കോഴിക്കോട് | 20849 | 8600 | 29449 |
| വയനാട് | 17266 | 5764 | 23030 |
| കണ്ണൂർ | 12168 | 5762 | 17930 |
| കാസറഗോഡ് | 14415 | 7789 | 22204 |
| **ആകെ** | **368466** | **197175** | **565641** |

| | | | |
|---|---|---|---|
| (സി) | രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി ആദ്യമായി അനുമതി നൽകിയ എത്രപേർക്ക് വീട് അനുവദിച്ച് നൽകിയിട്ടുണ്ടെന്നും അവയ്ക്കായി എത്ര തുക സർക്കാർ നൽകിയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ തദ്ദേശസ്ഥാപനം തിരിച്ച് വിശദാംശം നൽകുമോ; | (സി) | സർക്കാരിന്റെ 15.11.22 ലെ സ.ഉ (സാധാ) നം 2806/2022/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവന രഹിത ഗുണഭോക്താക്കളെയും അതിദാരിദ്ര്യ സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരെയും ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മുൻ പട്ടികയിലെ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ മുൻഗണനാ ക്രമത്തിൽ ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട അർഹരായ കുടുംബങ്ങളുടെ ഗുണഭോക്തൃ സംഗമം, കരാർ വയ്ക്കൽ തുടങ്ങിയ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കും. |
| (ഡി) | കേന്ദ്ര സർക്കാരിന്റെ ഭവന പദ്ധതികൾ ലൈഫ് പദ്ധതിയുമായി കൂട്ടി കലർത്തിയിട്ടുണ്ടോ; എങ്കിൽ കേന്ദ്ര വിഹിതമായി ലൈഫ് പദ്ധതിയുടെ ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും എത്ര തുക ലഭിച്ചിട്ടുണ്ടെന്നും കേന്ദ്ര സർക്കാർ വിഹിതം കൂടാതെ സംസ്ഥാന സർക്കാർ പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ഡി) | കേന്ദ്ര സർക്കാരിന്റെ ഭവന പദ്ധതികൾ കൂടി സംയോജിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലുമായി കേന്ദ്ര വിഹിതമായി പി.എം.എ.വൈ. (ഗ്രാമീൺ) വിഭാഗത്തിൽ 157.0476 കോടി രൂപയും, പി.എം.എ.വൈ (അർബൻ) വിഭാഗത്തിൽ 1202.72353 കോടി രൂപയും ലഭ്യമായിട്ടുണ്ട്. സംസ്ഥാന സർക്കാർ ടി പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടത്തിനായി 5352.13 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) | ലൈഫ് മിഷൻ ഒന്നാംഘട്ടം, രണ്ടാംഘട്ടം എന്നിവയിലൂടെ എത്ര പട്ടികജാതി -പട്ടികവർഗ്ഗങ്ങൾ | (ഇ) | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഒന്നാംഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിലൂടെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 19,153 |

| | | | |
|---|---|---|---|
| | വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ; | | കുടുംബങ്ങൾക്കും, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 17,400 കുടുംബങ്ങൾക്കും ഭവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.<br><br>രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണത്തിലൂടെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 60,801 കുടുംബങ്ങൾക്കും, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 18,149 കുടുംബങ്ങൾക്കും ലൈഫ് മിഷൻ/ വകുപ്പുകൾ മുഖേന ഭവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (എഫ്) | ഏതൊക്കെ മാർഗങ്ങളിൽ കൂടിയാണ് സംസ്ഥാന സർക്കാർ പ്രസ്തുത പദ്ധതിക്കായി പണം കണ്ടെത്തിയിട്ടുള്ളതെന്നും ഇതിനായി വായ്പ എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ പലിശ നിരക്ക് എത്ര ശതമാനമാണെന്നും എത്ര കാലം കൊണ്ടാണ് തിരിച്ചടയ്ക്കേണ്ടതെന്നും വ്യക്തമാക്കുമോ; | (എഫ്) | സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എന്നിവയ്ക്ക് പുറമെ എറണാകുളം ജില്ല കോ-ഓപ്പറേറ്റീവ് ബാങ്ക്, ഹഡ്കോ എന്നിവിടങ്ങളിൽ നിന്നും ലൈഫ് ഭവന പദ്ധതിക്കായി വായ്പ എടുത്തിട്ടുണ്ട്. എറണാകുളം ജില്ല കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 9.5% പലിശ നിരക്കിൽ എടുത്ത ബ്രിഡ്ജ് ലോൺ തീർപ്പാക്കിയിട്ടുണ്ട്. ലോണിന്റെ തിരിച്ചടവ് കാലാവധി 13 മാസമായിരുന്നു. ഹഡ്കോ-യിൽ നിന്നും റൂറൽ സെക്ടറിലെ ഭവന നിർമ്മാണത്തിനായി വായ്പയെടുത്ത തുകയിൽ പൊതു വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കായി വിനിയോഗിക്കുന്ന തുകയ്ക്ക് 9.90%-വും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിനായി വിനിയോഗിക്കുന്ന വായ്പാ തുകയ്ക്ക് 9.75%-വും നഗര പ്രദേശങ്ങളിലെ ഗുണഭോക്താക്കളുടെ (പൊതു വിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗം) ഭവന നിർമ്മാണത്തിനായി വിനിയോഗിക്കുന്ന തുകയ്ക്ക് 9.85%-വും പലിശ നിരക്കിലാണ് വായ്പ എടുത്തിട്ടുള്ളത്. റിപ്പോ നിരക്കിലുണ്ടാകുന്ന മാറ്റം ടി പലിശയ്ക്ക് ബാധകമാണ്. ഹഡ്കോ-യിൽ നിന്നും എടുത്ത വായ്പയ്ക്ക് രണ്ട് വർഷത്തെ ഇളവ് കാലാവധി ഉൾപ്പെടെ തിരിച്ചടവ് കാലാവധി 17 വർഷമാണ്. |
| (ജി) | ലൈഫ് പദ്ധതി നിലവിൽ വരുന്നതിന് മുൻപ് ഭവന-ഭൂരഹിതരെ കണ്ടെത്തി വീട് അനുവദിച്ച് നൽകുന്നതിന് പഞ്ചായത്തുകൾക്കുണ്ടായിരുന്ന അധികാരം പുനസ്ഥാപിച്ച് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ? | (ജി) | ഭവന ഭൂരഹിതരെ കണ്ടെത്തി വീട് അനുവദിച്ച് നൽകുന്നതിന് ലൈഫ് പദ്ധതി വരുന്നതിന് മുൻപ് പഞ്ചായത്തുകൾക്ക് ഉണ്ടായിരുന്ന അധികാരം മാറ്റിയിട്ടില്ലാത്തതിനാൽ പുനഃസ്ഥാപിച്ച് നൽകേണ്ടുന്ന കാര്യം പരിഗണിക്കേണ്ടി വരുന്നില്ല. |

സെക്ഷൻ ഓഫീസർ